# കേരള സർവകലാശാല

നം. പി.ആർ.105/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ബി.എ(എസ്.ഡി.ഇ) ഇന്റേണൽ മാർക്ക്

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന എം.ബി.എ (എസ്.ഡി.ഇ) മൂന്നാം സെമസ്റ്റർ ഇന്റേണൽ മാർക്ക് എസ്.ഡി.ഇ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പരാതിയുള്ളവർ ഏഴ് ദിവസത്തിനുള്ളിൽ കോർഡിനേറ്ററെ അറിയിക്കണം. അത് കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ പരിഗണിക്കില്ല.

### എം.എ ഇസ്ലാമിക ചരിത്രം വൈവ വോസി

കേരള സർവകലാശാലയുടെ എം.എ ഇസ്ലാമിക ചരിത്രം (സി.എസ്.എസ്) നാലാം സെമസ്റ്റർ വിദ്യാർത്ഥികളുടെ വൈവ വോസി പരീക്ഷ മെയ് 24-ന് രാവിലെ 10.00 മണിക്ക് കാര്യവട്ടം ഇസ്ലാമിക പഠനവിഭാഗത്തിൽ വച്ച് നടക്കും. വിദ്യാർത്ഥികൾ രാവിലെ 9.30-ന് ഹാൾടിക്കറ്റുമായി ഇസ്ലാമിക പഠനവിഭാഗത്തിൽ ഹാജരാകണം.

### ഫങ്ഷണൽ മലയാളം സർട്ടിഫിക്കറ്റ് കോഴ്സ് (ഈവനിംഗ്)

കേരള സർവകലാശാല ലിംഗ്വിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന മൂന്ന് മാസത്തെ ഫങ്ഷണൽ മലയാളം സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. മലയാളം പഠിച്ചിട്ടില്ലാത്തവർക്കും, യൂണിവേഴ്സിറ്റിയിൽ ഉപരി പഠനം നടത്തുന്ന വിദേശ വിദ്യാർത്ഥികൾക്കും മലയാള ഭാഷാ പഠനം നടത്താൻ ആഗ്രഹിക്കുന്ന പ്രൊഫഷണലുകൾക്കും ഭാഷാ പഠനത്തിൽ തല്പരരായ അന്യഭാഷാ വിദ്യാർത്ഥികൾക്കും ഈ കോഴ്സിന് അപേക്ഷിക്കാം. അപേക്ഷകൾ മെയ് 30-ന് മുമ്പ് അസോസിയേറ്റ് പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ലിംഗ്വിസ്റ്റിക്സ്, കേരള സർവകലാശാല, കാര്യവട്ടം 695581 എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. അപേക്ഷാഫോറം നേരിട്ടും സർവകലാശാല വെബ്സൈറ്റിലും ലഭിക്കും. ക്ലാസുകൾ ജൂൺ ഒന്നിന് ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് കാര്യവട്ടം കാമ്പസിലെ ലിംഗ്വിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെടുക. ഫോൺ: 9947539589, 0471-2308469.

### ബി.ആർക് ഫലം

കേരള സർവകലാശാല 2016 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ആർക് പരീക്ഷയുടേയും 2016 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ (2008 സ്കീം) പരീക്ഷയുടേയും ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ടെക് ടൈംടേബിൾ

കേരള സർവകലാശാല നടത്തുന്ന ഒന്നാം സെമസ്റ്റർ എം.ടെക് (ഫുൾ ടൈം & പാർട്ട് ടൈം), മൂന്നാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം) 2013 സ്കീം സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## KMAT പരീക്ഷ

ജൂൺ 11-ന് നടക്കുന്ന KMAT-2017 പരീക്ഷയ്ക്ക് ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മെയ് 31. കൂടുതൽ വിവരങ്ങൾക്ക് kmatkerala.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## എൽ.എൽ.ബി സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ/ബി.ബി.എ/ബി.കോം ഇന്റഗ്രേറ്റഡ് എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ മെയ് 16 മുതൽ മെയ് 22 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ (സമയം: 10.30 - 04.30) ഹാൾടിക്കറ്റുമായി പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ എത്തണം.

തിരുവനന്തപുരം.
15.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ